പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2115

11.03.2020- ൽ മറുപടിക്ക്.

## ഒളവണ്ണ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ സ്ഥലം

ചോദ്യം
ശ്രീ. പി.ടി.എ. റഹീം

മറുപടി
ഇ. പി. ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി).

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നാൽപത്തിയെട്ട് സെന്റ് സ്ഥലം ലീസിന് നൽകിയ നടപടി റദ്ദ് ചെയ്ത് ഗ്രാമപഞ്ചായത്തിന് പൊതു ആവശ്യത്തിനായി വിട്ടുനൽകണമെന്ന നിവേദനത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് വ്യവസായ കേന്ദ്രം തുടങ്ങാൻ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നാൽപത്തിയെട്ട് സെന്റ് സ്ഥലം അനുവദിക്കണമെന്ന കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ബഹു. എം. എൽ. എ. മുഖാന്തിരം ലഭിച്ച 25/05/17-ലെ അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

ഈക്കാര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ ഇപ്പോൾ നൽകിയ റിപ്പോർട്ട് പ്രകാരം ലീസിന് നൽകിയ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിനാൽ ഭൂമി തിരിച്ചെടുക്കാൻ വ്യവസായ വാണിജ്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. പക്ഷെ ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഈ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഹിയറിങ് നടത്തി മേൽ സ്ഥാപനത്തിന് കെട്ടിട നിർമ്മാണ അനുമതി നൽകാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഒളവണ്ണ ഗ്രാമ പഞ്ചായത്തിനോട് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനം കെ-സിഫ്റ്റ് മുഖാന്തിരം കെട്ടിട നിർമ്മാണ അപേക്ഷ സമർപ്പിക്കുകയും ആയതിന് ഡീംഡ് ലൈസൻസ് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. മേൽ ഡീംഡ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഷെഡ് നിർമ്മാണം, ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. യൂണിറ്റിന് 3 ഫേസ് കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സിമന്റ് ബ്രിക്സ് നിർമ്മാണത്തിനാവശ്യമായ മിക്സിങ് മെഷീൻ, പ്രെസ്സിങ് മെഷീൻ എന്നിവ യൂണിറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് വർഷത്തേക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് യൂണിറ്റുടമ Kswift സംവിധാനത്തിലൂടെ സെൽഫ് ഡിക്ലറേഷൻ നൽകി അക്നോളജ്മെന്റ് കരസ്ഥമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

ജക/06/03/20